# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.01.2025**

### പ്രധാനവാർത്തകൾ

1. കാലാവസ്ഥാ വിവരങ്ങളുടെ സാർവത്രിക ലഭ്യതയ്ക്ക് മൗസം ദൗത്യം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. അറിവ്, നൈപുണ്യം, അഭിരുചി എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുന്ന ഉന്നത വിദ്യാഭ്യാസ സമ്പ്രദായമാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ശബരിമലയിൽ ഇന്ന് അയ്യപ്പന് തിരുവാഭരണം ചാർത്തി ദീപാരാധന. മകര ജ്യോതി ദർശനത്തിനായുള്ള കത്തിരിപ്പിൽ ഭക്തലക്ഷങ്ങൾ.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൽ യു.എ.ഇ പ്രതിനിധി സംഘം പങ്കെടുക്കും.

5. ഓസ്ട്രേലിയൻ ഓപ്പൺ  ടെന്നീസ് പുരുഷ ഡബിൾസിൽ രോഹൻ  ബൊപ്പണ്ണ- നിക്കോളാസ് ബാരിയെൻറോസ് സഖ്യം ഇന്നിറങ്ങും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

## പ്രധാനമന്ത്രി

കാലാവസ്ഥാ വിവരങ്ങളുടെ സർവത്രിക ലഭ്യതയ്ക്ക് മൗസം ദൗത്യം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന, കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 150-ാം സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ബൈറ്റ്)

കാലാവസ്ഥ വ്യതിയാനം മുൻകൂട്ടി അറിയാനും നേരിടാനും രാജ്യത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന മിഷൻ മൗസം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഐഎംഡി (ഇൻട്രോ)

മൗസം ദൗത്യത്തെ കുറിച്ച് തിരുവനന്തപുരം കാലാവസ്ഥാ കേന്ദ്രം മേധാവി നീത കെ.ഗോപാൽ.

(വോയിസ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## മുഖ്യമന്ത്രി -കോൺക്ലേവ് (ഇൻട്രോ)

അറിവ്, നൈപുണ്യം, അഭിരുചി എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുന്ന ഉന്നത വിദ്യാഭ്യാസ സമ്പ്രദായമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി കുസാറ്റിൽ രാജ്യാന്തര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNU TVPM

(വോയിസ്...)

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് രണ്ടുദിവസത്തെ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്. ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ ആർ. ബിന്ദു, കെ.എൻ ബാലഗോപാൽ തുടങ്ങിയവരും അക്കാദമിക് രംഗത്തെ വിദഗ്ധരും പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ശബരിമല (ഇൻട്രോ)**

മകരജ്യോതി ദർശനത്തിനായുള്ള കാത്തിരിപ്പിൽ ഭക്തലക്ഷങ്ങൾ. ശബരിമലയിൽ ഇന്ന് രാവിലെ മകരസംക്രമ പൂജ നടന്നു. മകരവിളക്ക് ദർശനത്തിന് മണിക്കൂറുകൾ ശേഷിക്കെ സന്നിധാനത്തും പരിസര പ്രദേശങ്ങളിലും തീർത്ഥാടകരുടെ വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ....**

(വോയിസ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ആശംസകൾ -പ്രധാനമന്ത്രി**

മകരസംക്രാന്തി, പൊങ്കൽ, ബിഹു, ഉത്തരായൻ വേളയിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമസ്തരുടെയും ജീവിതത്തിൽ വിജയവും സന്തോഷവും കൊണ്ടുവരുന്ന ഈ ഉത്സവങ്ങൾ സന്തോഷത്തിന്റെയും ഐക്യത്തിന്റെയും ചൈതന്യം വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഹരിവരാസനം പുരസ്കാരം

ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം കവിയും ഗാനരചയിതാവും സംഗീത സംവിധായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് സമ്മാനിച്ചു. ശബരിമല സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി എൻ വാസവൻ പുരസ്കാരം സമർപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഇടുക്കി -മകരജ്യോതി

ഇടുക്കി പുല്ലുമേട് ,പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിൽ മകരജ്യോതി ദർശനത്തിനായി വിപുലമായ സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തി. ദർശനശേഷം പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് പോകാൻ തീർത്ഥാടകരെ അനുവദിക്കില്ല. തേനി പൊലീസിൻ്റെ സഹായത്തോടെ കുമിളി പീരുമേട് വണ്ടിപ്പെരിയാർ ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. മകരജ്യോതി കാണുന്നതിനായി ഗവി പാതയിൽ വനത്തിനുള്ളിലൂടെ സഞ്ചരിക്കുന്നത് തടയാൻ പോലീസും വനം വകുപ്പും സംയുക്തപരിശോധന ശക്തമാക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## പൊങ്കൽ ആഘോഷം (ഇൻട്രോ)

തമിഴ് സംസ്കാരവുമായി ഇഴുകി ചേർന്ന് കിടക്കുന്ന പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിലെ ഗ്രാമങ്ങൾ പൊങ്കൽ ആഘോഷത്തിന്റെ നിറവിലാണ്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലി മുത്ത്....**

(വോയിസ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>കുംഭമേള</u>**

45 ദിവസം നീളുന്ന മഹാ കുംഭമേളയിൽ പ്രധാന ചടങ്ങുകളിലൊന്നായ മകര സംക്രാന്തി ദിനത്തിലെ പവിത്ര സ്നാനം ഇന്ന്. രണ്ടാം ദിനം 3 കോടി തീർത്ഥാടകർ പ്രയാഗ് രാജിൽ എത്തുമെന്നാണ് പ്രതീക്ഷ. ഇന്നലെ മാത്രം ഒന്നര കോടി ജനങ്ങളാണ് ത്രിവേണി സംഗമത്തിലെ പുണ്യ സ്നാനത്തിൽ പങ്കെടുത്തത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

RNUTVPM

**<u>നിക്ഷേപക സംഗമം</u>**

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമമായ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുക്കുന്നതിന് യുഎഇ പ്രത്യേക സംഘത്തെ അയക്കും. യുഎഇ കാബിനറ്റ് മിനിസ്റ്റർ ഓഫ് ഇൻവെസ്റ്റ്മെന്റ് മുഹമ്മദ് ഹസൻ അൽ സുവൈദി, വ്യവസായ മന്ത്രി പി.രാജീവുമായി അബുദാബിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്. വ്യവസായ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>ഐഎസ്ആർ.ഒ ചെയർമാൻ</u>**

ഡോ. വി.നാരായണൻ ഐ.എസ്.ആർ.ഒ യുടെ പുതിയ ചെയർമാനായി ചുമതലയേറ്റു. ബഹിരാകാശ വകുപ്പ് സെക്രട്ടറി,

ബഹിരാകാശ കമ്മീഷൻ ചെയർമാൻ എന്നീ സ്ഥാനങ്ങളും അദ്ദേഹം ഏറ്റെടുത്തു. ബെംഗളൂരുവിലെ ഐ.എസ്.ആർ.ഒ ആസ്ഥാനത്ത് സ്ഥാനമൊഴിയുന്ന ചീഫ് എസ്. സോമനാഥിൽ നിന്നാണ് അദ്ദേഹം ചുമതലയേറ്റത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## അഗ്രി ഫെസ്റ്റ്-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന അഗ്രി ഫെസ്റ്റ് കർഷക സംഗമത്തിന് തുടക്കമായി. മൂന്നു ദിവസത്തെ മേളയുടെ ഔപചാരിക ഉദ്ഘാടനം നാളെ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ നിർവഹിക്കും. സമാപന സമ്മേളനം വ്യാഴാഴ്ച കൃഷി മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ....**

**(വോയിസ്....)**

$$$$$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

## നിലമ്പൂർ-ഉപതിരഞ്ഞെടുപ്പ്

കാലാവധി അവസാനിക്കാൻ ഒരു വർഷവും നാല് മാസവും ബാക്കി നിൽക്കേ ശ്രീ പി.വി അൻവർ എം എൽ എ സ്ഥാനം രാജി വച്ചതോടെ നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന് കളമൊരുങ്ങുന്നു. നിയമസഭാ തിരഞ്ഞെടുപ്പിന് 14 മാസം മാത്രം ശേഷിക്കുന്നതിനാൽ ഉപതിരഞ്ഞെടുപ്പ് വേണ്ടെന്ന് വയ്ക്കുമോ എന്നതിലും ആകാംക്ഷയുണ്ട്. ചട്ടപ്രകാരം ആറ് മാസത്തിനുള്ളിൽ ഉപതിരഞ്ഞെടുപ്പ് നടക്കാൻ സാധ്യതയുള്ളതിനാൽ മൂന്നുമുന്നണികളും സ്ഥാനാർഥികളെ സംബന്ധിച്ച അനൗപചാരിക ചർച്ചകൾക്ക് തുടക്കമിട്ടിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## പത്തനംതിട്ട -അറസ്റ്റ്

പത്തനംതിട്ടയിൽ വിദ്യാർഥിനിയെ നിരന്തര പീഡനത്തിനിരയാക്കിയ സംഭവത്തിൽ ഇന്നലെ അറസ്റ്റിലായത് 14 പേർ. 29 കേസുകളായി 42 പ്രതികളാണ് ഇതുവരെ അറസ്റ്റിലായത്. ഇലവുംതിട്ട, പത്തനംതിട്ട, പന്തളം, മലയാലപ്പുഴ എന്നീ പൊലീസ് സ്റ്റേഷനുകളിലായാണ് കേസുകളുള്ളത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ബോബി ചെമ്മണ്ണൂർ-ഹൈക്കോടതി

അഭിനേത്രി ഹണി റോസിനെ അധിക്ഷേപിച്ചെന്ന കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിന്റെ ജാമ്യാപേക്ഷ ഹൈക്കോടതി പരിഗണിച്ചു. ഇന്ന് ഉച്ച കഴിഞ്ഞ് വിധി പറയും. ബോബി ചെമ്മണ്ണൂർ നടത്തിയ പരാമർശവുമായി ബന്ധപ്പെട്ട വീഡിയോ ദൃശ്യങ്ങൾ ഹൈക്കോടതി പരിശോധിച്ചു. ജാമ്യാപേക്ഷയെ സർക്കാർ എതിർത്തു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഓസ്ട്രേലിയൻ ഓപ്പൺ

ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസിൽ, ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ- കൊളംബിയയുടെ നിക്കോളാസ് ബാരിയെന്റോസ് സഖ്യം ഇന്നിറങ്ങും. സ്പാനിഷ് ജോഡികളായ പെഡ്രോ മാർട്ടിനെസ് - ജൗമെ മുനാറിൻ സഖ്യമാണ് എതിരാളികൾ. ഇതിഹാസതാരം നൊവാക് ജോക്കോവിച്ചിന് വിജയത്തോടെ തുടക്കം. ഇന്ത്യയിൽ വേരുകളുള്ള യു.എസ് താരം നിഷേഷ് ബസവറെഡ്ഡിയെയാണ് ജോക്കോവിച്ച് പരാജയപ്പെടുത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന്, ഗുവാഹത്തിയിലെ ഇന്ദിര ഗാന്ധി അത്‌ലറ്റിക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി ,എഫ്.സി ഗോവയെ നേരിടും. രാത്രി 07.30 നാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## യു.ജി.സി - നെറ്റ് പരീക്ഷ

നാളെ നടത്താൻ നിശ്ചയിച്ചിരുന്ന യു.ജി.സി - നെറ്റ് പരീക്ഷ പൊങ്കൽ, മകരസംക്രാന്തി ഉത്സവങ്ങൾ കാരണം മാറ്റിവച്ചതായി നാഷണൽ ടെസ്റ്റിങ് ഏജൻസി അറിയിച്ചു. പുതുക്കിയ തീയതി

പിന്നീട് അറിയിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$

RNU TVPM